0008852

Class No: ........................................................

Name : ........................................................

**FSE 49**

# FIRST YEAR HIGHER SECONDARY
# SECOND TERMINAL EVALUATION : DECEMBER-2018
## Part-III
## ACCOUNTANCY WITH ANALYSIS OF FINANCIAL STATEMENTS

**Maximum : 80 Scores**

Time : 2½ Hours

Cool-off Time : 15 Minutes

***General Instructions to Candidates:***

- There is a 'Cool off time' of 15 minutes in addition to the writing time.
- Use the 'Cool off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except non programmable calculators are not allowed in the Examination Hall.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാ ഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

I. **Answer all questions from 1 to 6 each question carries 1 score.** **(6×1=6)**

1. Which one of the following is an intangible asset of a business?

a) Cash at bank

b) Stock

c) Trademarks

d) Loose tools

2. Transactions between owner and business are recorded separately due to ................ accounting concept.

3. L.F. column in the journal is filled at the time of -

a) Balancing.

b) Posting.

c) Recording.

d) End of year

4. Which item will decrease the overdraft as per Pass Book?

a) Interest on fixed deposits.

b) Interest on overdraft.

c) Insurance premium remitted by bank.

d) Bank charges.

I. 1 മുതൽ 6 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. എല്ലാ ചോദ്യങ്ങൾക്കും 1 സ്കോർ വീതം **(6×1=6)**

1. ഒരു ബിസിനസിന്റെ അദൃശ്യ ആസ്തികളിൽ ഉൾപ്പെടുന്നത് ഏത്

എ) ബാങ്കിലുള്ള പണം

ബി) സ്റ്റോക്ക്

സി) ട്രേഡ് മാർക്ക്

ഡി) ലൂസ് ടൂൾസ്

2. ഉടമസ്ഥനും ബിസിനസും തമ്മിലുള്ള ഇടപാടുകൾ പ്രത്യേകമായി രേഖപ്പെടുത്തുന്നത് ഏത് അക്കൗണ്ടിംഗ് ആശയപ്രകാരമാണ്,

3. ജേർണലിലെ L.F. കോളത്തിൽ രേഖപ്പെടുത്തുന്നത് എപ്പോൾ ?

എ) സമീകരിക്കുമ്പോൾ

ബി) പതിക്കുമ്പോൾ

സി) രേഖപ്പെടുത്തുമ്പോൾ

ഡി) വർഷാവസാനം

4. പാസ് ബുക്ക് പ്രകാരമുള്ള ഓവർ ഡ്രാഫ്റ്റ് കുറയ്ക്കുന്ന ഇനം ഏത് ?

എ) സ്ഥിര നിക്ഷേപത്തിന്റെ പലിശ

ബി) ഓവർ ഡ്രാഫ്റ്റ് പലിശ

സി) ബാങ്കിൽ നിന്നും പ്രീമിയം അടച്ചത്

ഡി) ബാങ്ക് ചാർജ്ജുകൾ

5. Bill of exchange is drawn by -

a) Debtor

b) Creditor

c) Buyer

d) Bank

6. The statement which shows financial position of a business is .....................

**II. Answer any 6 questions from 7 to 13, each carries 2 scores. (6×2=12)**

7. Give any two examples of internal users of accounting information.

8. 'Adequate provision should be provided to meet the baddebt losses expected in the next year'

Identify the accounting concept referred in the given example and explain its impact in ascertaining the business profits.

5. ഒരു വിനിമയ ബില്ല് തയ്യാറാക്കുന്നത് ആര്?

എ) ഡെബ്റ്റർ

ബി) ക്രെഡിറ്റർ

സി) വാങ്ങുന്നവർ

ഡി) ബാങ്ക്

6. ഒരു ബിസിനസിന്റെ സാമ്പത്തിക സ്ഥിതി അറിയാൻ തയ്യാറാക്കുന്ന രേഖ ഏത് ?

**II. 7 മുതൽ 13 വരെയുള്ള ഏതെങ്കിലും 6 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (6×2=12)**

7. അക്കൗണ്ടിംഗ് വിവരങ്ങളുടെ അഭ്യന്തര ഉപയുക്താക്കളുടെ രണ്ട് ഉദാഹരണം എഴുതുക.

8. 'അടുത്ത വർഷം ഉണ്ടാകാൻ സാധ്യതയുള്ള കിട്ടാക്കട നഷ്ടത്തിനായി മതിയായ കരുതൽ തുക മാറ്റി വയ്ക്കണം' ഈ ഉദാഹരണത്തിൽ പ്രതിപാദിക്കുന്ന അക്കൗണ്ടിംഗ് ആശയം ഏത് ? ഇത് പിന്തുടരുന്നത് ബിസിനസ് ലാഭത്തെ എങ്ങനെ ബാധിക്കുന്നുവെന്ന് വിശദമാക്കുക.

9. What do the following journal entries mean?

a) Drawings a/c Dr. 8,000

To purchases a/c 8,000

b) Machinery a/c Dr. 15,000

To Ramlal Traders a/c 15,000

9. നല്കിയിട്ടുള്ള ജേർണൽ എൻട്രികൾ സൂചിപ്പിക്കുന്ന ഇടപാട് ഏത് ?

എ) ഡ്രോയിംഗ്സ് അക്കൗണ്ട് Dr. 8,000

To പർച്ചേയ്സ് അക്കൗണ്ട്. 8,000

ബി) മെഷിണറി അക്കൗണ്ട് Dr 15,000

To രാംലാൽ ട്രേഡേഴ്സ് അക്കൗണ്ട് 15,000

10. Distinguish between 'debit note' and 'credit note'.

10. ഡെബിറ്റ് നോട്ട്, ക്രെഡിറ്റ് നോട്ട് എന്നിവ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു ?

11. Classify the following errors in to one - sided errors (those affecting Trial Balance) and two - sided errors (those not affecting Trial Balance) :

a) Errors of partial omission.

b) Compensating Errors.

c) Errors of complete omission.

d) Errors of carrying forward.

11. നല്കിയിരിക്കുന്ന അക്കൗണ്ടിംഗ് പിഴവുകളെ ഏകപക്ഷീയമെന്നും (ട്രയൽ ബാലൻസിനെ ബാധിക്കുന്നത്) ദ്വിപക്ഷീയമെന്നും (ട്രയൽ ബാലൻസിനെ ബാധിക്കാത്തത് ) തരം തിരിച്ചെഴുതുക.

എ) ഭാഗിക വിട്ടുപോകൽ

ബി) മറയ്ക്കപ്പെട്ട തെറ്റുകൾ

സി) പൂർണ്ണമായ വിട്ടുപോകൽ

ഡി) പകർത്തിയെഴുതൽ തെറ്റുകൾ

12. Calculate the annual depreciation to be charged using appropriate formula, from the given details :

a) Purchase price of machinery Rs. 82,000

b) Wages paid for its installation Rs. 3,000.

c) Scrap value Rs. 10,000.

d) Life of the machinery is 10 years.

13. Classify the following as capital and revenue payments :-

a) Installation charges of machinery.

b) Annual repairs of buildings.

c) Wages for the construction of new building.

d) Purchase of Furniture for business.

12. നല്കിയിട്ടുള്ള വിശദാംശങ്ങളിൽ നിന്നും വാർഷിക മൂല്യക്ഷയത്തിന്റെ തുക ഉചിതമായ സൂത്രവാക്യം ഉപയോഗിച്ച് നിർണ്ണയിക്കുക.

എ) മെഷിണറിയുടെ വില 82,000 രൂപ

ബി) സ്ഥാപിക്കലിന് നൽകിയ കൂലി 3,000 രൂപ

സി) ആക്രി വില 10,000 രൂപ

ഡി) മെഷിണറിയുടെ ആയുർദൈർഘ്യം 10 വർഷം

13. മൂലധന - റവന്യൂ ചെലവുകളായി തരം തിരിച്ചെഴുതുക.

എ) മെഷിണറിയുടെ സ്ഥാപിക്കൽ ചെലവുകൾ

ബി) കെട്ടിടത്തിന്റെ വാർഷിക അറ്റകുറ്റപ്പണികൾ

സി) പുതിയ കെട്ടിടത്തിന്റെ നിർമ്മാണ കൂലി

ഡി) ബിസിനസ്സിലേക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങിയത്.

**III. Answer any 4 questions from 14 to 18, each carries 3 scores. (4×3=12)**

14. Explain any three qualitative characteristics of accounting information.

15. Pass journal entries for the following transactions :

    a) Mr. Suresh started business with cash Rs. 80,000 and Furniture worth Rs. 20,000.

    b) Opened a bank account with SBI by depositing Rs. 10,000.

    c) Goods costing Rs. 5,000 given as charity.

16. Kamala makes a bill of exchange on 01/07/2018 with a term of 3 months for Rs. 40,000, in favour of Joseph. The bill was duly accepted and returned it to Kamala. The bill was duly paid on maturity. Identify the following from the given bill transaction :

    a) Name of Drawer.

    b) Name of Drawee.

    c) Date of maturity.

**III. 14 മുതൽ 18 വരെയുള്ള ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 3 സ്കോർ വീതം. (4×3=12)**

14. അക്കൗണ്ടിംഗ് വിവരങ്ങൾക്ക് ഉണ്ടായിരിക്കേണ്ട ഏതെങ്കിലും മൂന്ന് ഗുണപരമായ പ്രത്യേകതകൾ വിവരിക്കുക.

15. നല്കിയിരിക്കുന്ന ഇടപാടുകളുടെ ജേർണൽ എൻട്രികൾ എഴുതുക.

    എ) സുരേഷ് 80,000 രൂപ പണമായും 20,000 രൂപയുടെ ഫർണിച്ചറുമായി ബിസിനസ്സ് ആരംഭിച്ചു.

    ബി) എസ് ബി ഐ ബാങ്കിൽ 10,000 രൂപ നിക്ഷേപിച്ച് ബാങ്ക് അക്കൗണ്ട് ആരംഭിച്ചു.

    സി) ബിസിനസ്സിൽ നിന്നും 5,000 രൂപയുടെ സാധനങ്ങൾ സംഭാവനയായി നൽകി.

16. കമല മൂന്നു മാസ കാലാവധിയുള്ള 40,000 രൂപയുടെ ഒരു വിനിമയ ബില്ല് 1/ 7/ 2018 ന് ജോസഫിന്റെ പേരിൽ തയ്യാറാക്കുന്നു. അദ്ദേഹം ബില്ല് അംഗീകരിച്ച് കമലയ്ക്ക് തിരികെ നൽകുന്നു. കാലാവധിയെത്തുമ്പോൾ ബില്ലിന്റെ പണം യഥാവിധി ലഭിച്ചു.

    ഈ ബിൽ ഇടപാടിൽ നിന്നും താഴെ പറയുന്നവ കണ്ടെത്തുക.

    എ) ഡ്രോയറുടെ പേര്

    ബി) ഡ്രോയിയുടെ പേര്

    സി) ബിൽ കാലാവധിയെത്തുന്ന തീയതി.

17. Findout the cost of goods sold from the given deatils :

Purchases Rs. 52,000, Purchases Return Rs. 2,000, Opening stock Rs. 12,000, Closing stock Rs. 8,000, Wages Rs. 5,000, Carriage inwards Rs. 1,000.

18. Explain how the following items will shown in the final accounts of a sole trader :

a) Bad debts written off Rs. 2200/-

b) Outstanding salary Rs. 1000/-

c) Accrued interest Rs. 600/-.

IV. **Answer any 3 questions from 19 to 22, each carries 4 scores. (3×4=12)**

19. Explain the major objectives of Accounting.

20. Write short notes on the following accounting concepts :

a) Money measurement concepts

b) Full disclosure concepts

c) Consistency concepts

d) Matching concept.

17. വിശദാംശങ്ങളിൽ നിന്നും വിറ്റ സാധനങ്ങളുടെ വ്യയം കണ്ടുപിടിക്കുക:

പർച്ചേയ്സ് 52,000 രൂപ, പർച്ചേയ്സ് റിട്ടേൺ 2,000 രൂപ, പ്രാരംഭ സ്റ്റോക്ക് 12,000 രൂപ, സമാപ്ത സ്റ്റോക്ക് 8,000 രൂപ, വേജസ് 5,000 രൂപ ക്യാരേജ് ഇൻവേർഡ്സ് 1, 000 രൂപ.

18. നല്കിയിരിക്കുന്ന ഇനങ്ങൾ ബിസിനസിന്റെ വാർഷിക ധനകാര്യ രേഖകളിൽ എങ്ങനെ ഉൾപ്പെടുത്തുമെന്ന് വിശദമാക്കുക:

എ) കിട്ടാക്കടം എഴുതി തള്ളിയത് 2,200 രൂപ

ബി) കുടിശ്ശിക ശമ്പളം 1,000 രൂപ

സി) ലഭിക്കാനുള്ള പലിശ 600 രൂപ

IV. **19 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം.**

**(3×4=12)**

19. അക്കൗണ്ടിംഗിന്റെ ലക്ഷ്യങ്ങൾ വിവരിക്കുക.

20. നല്കിയിരിക്കുന്ന അക്കൗണ്ടിംഗ് ആശയങ്ങളെക്കുറിച്ച് ലഘു കുറിപ്പ് എഴുതുക.

എ) പണം അളവുകോൽ ആശയം

ബി) പൂർണ്ണ വെളിപ്പെടുത്തൽ ആശയം

സി) സ്ഥിരതയുടെ ആശയം

ഡി) പൊരുത്തപ്പെടുത്തൽ ആശയം

21. List out any four transactions which are usually recorded in a Journal Proper.

22. Choose only the ledger accounts having debit balance shown in a Trail Balance, from the given list :

a) Opening stock

b) Purchases Return

c) Carriage inwards

d) Commission Received

e) Sales Return

f) Land and Buildings

g) Power and fuel

h) Motor Vehicle

i) Bank overdraft

j) Loose Tools

k) Baddebts.

21. ജേർണൽ പ്രോപ്പറിൽ സാധാരണമായി ഉൾപ്പെടുത്താറുള്ള ഇടപാടുകളുടെ നാല് ഉദാഹരണങ്ങൾ എഴുതുക.

22. നല്കിയിരിക്കുന്ന പട്ടികയിൽ നിന്നും, ട്രയൽ ബാലൻസിൽ ഡെബിറ്റ് ബാലൻസായി ഉൾപ്പെടുത്തുന്ന ലെഡ്ജർ അക്കൗണ്ടുകൾ മാത്രം തിരഞ്ഞെടുത്ത് എഴുതുക.

എ) പ്രാരംഭ സ്റ്റോക്ക്

ബി) പർച്ചേസ് റിട്ടേൺ

സി) കാര്യേജ് ഇൻവേർഡ്സ്

ഡി) കമ്മീഷൻ കിട്ടിയത്

ഇ) സെയിൽസ് റിട്ടേൺ

എഫ്) സ്ഥലവും കെട്ടിടവും

ജി) ഇന്ധന ചെലവുകൾ

എച്ച്) മോട്ടോർ വാഹനങ്ങൾ

ഐ) ബാങ്ക് ഓവർ ഡ്രാഫ്റ്റ്

ജെ) ലൂസ് ടൂൾസ്

കെ) കിട്ടാക്കടം

V. **Answer all questions from 23 to 28 each carries 5 scores. (6×5=30)**

23. Enter the following transactions in Cash Book with cash and bank columns. Also Balance the cash book.

**2018 March**

1. Cash in hand Rs. 30,000.

   Bank overdraft Rs. 20,000

2. Paid into bank Rs. 10,000.

5. Cash purchases Rs. 2,000.

8. Cash received from Sunny Rs. 10,000.

12. Cash withdrawn from bank for office use Rs. 8,000.

18. Rent paid by cheque Rs. 2,000.

20. Withdraw from bank for personal purpose Rs. 4,000.

25. Received commission Rs. 2,000.

28. Paid Salary Rs. 5,000.

V. **23 മുതൽ 28 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 5 സ്കോർ വീതം (6×5=30)**

23. നൽകിയിരിക്കുന്ന ഇടപാടുകളെ ഒരു ഇരട്ടക്കോളം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുക:

മാർച്ച് 2018

1. കൈവശമുള്ള പണം 30,000 രൂപ

   ബാങ്ക് ഓവർ ഡ്രാഫ്റ്റ് 20,000

2. ബാങ്കിൽ അടച്ചത് 10,000 രൂപ

5. രൊക്കം പണത്തിനുള്ള വാങ്ങൽ 2,000 രൂപ

8. സണ്ണിയിൽ നിന്നും പണം ലഭിച്ചതാ 10,000 രൂപ

12. ഓഫീസ് ആവശ്യത്തിന് ബാങ്കിൽ നിന്നും പണം പിൻവലിച്ചത് 8,000 രൂപ

18. ചെക്കിലൂടെ വാടക കൊടുത്തത് 2,000 രൂപ

20. സ്വകാര്യ ആവശ്യങ്ങൾക്ക് ബാങ്കിൽ നിന്നും പിൻവലിച്ചത് 4,000 രൂപ

25. കമ്മീഷൻ കിട്ടിയത് 2,000 രൂപ

28. ശമ്പളം കൊടുത്തത് 5,000 രൂപ

24. Prepare a Bank Reconciliation Statement as on 31/03/2018 based on the given details :

a) Balance as per Cash Book Rs. 26,000.

b) Cheque issued but not en - cashed Rs. 2,000.

c) Cheque deposited, but not collected Rs. 3,000.

d) Interest credited in Pass Book only Rs. 200.

25. The following errors were found in the books of Suresh. Give the necessary entries to correct them :

a) Salary of Rs. 10,000 paid to Murali has been debited to his personal account.

b) Rs. 8,000 paid for furniture purchased has been charged to purchases account.

c) An amount of Rs. 5,000 withdrawn by the proprietor for his personal use has been debited to trade expenses account.

d) Sold old furniture for Rs. 3,500 passed through the sales book.

e) Paid wages for the construction of Building debited to Wages account Rs. 1,00,000.

24. വിശദാംശങ്ങളിൽ നിന്നും 31/3/2018 -ലെ ഒരു ബാങ്ക് അനുരഞ്ജനപ്പട്ടിക തയ്യാറാക്കുക.

എ) ക്യാഷ് ബുക്ക് പ്രകാരമുള്ള ബാലൻസ് 26,000 രൂപ

ബി) നൽകിയ ചെക്ക് ബാങ്കിൽ ഹാജരാക്കാത്തത് 2,000 രൂപ

സി ചെക്ക് ബാങ്കിൽ നൽകിയത് വരവ് വയ്ക്കാത്തത് 3,000 രൂപ

ഡി) പാസ് ബുക്കിൽ മാത്രം ക്രെഡിറ്റ് ചെയ്ത പലിശ 200 രൂപ.

25. സുരേഷിന്റെ ബുക്കിൽ ആവശ്യമായ തെറ്റുതിരുത്തൽ ജേർണൽ എൻട്രികൾ എഴുതുക.

എ) മുരളിയ്ക്ക് 10,000 രൂപ ശമ്പളം നൽകിയത് അയാളുടെ വ്യക്തിഗത അക്കൗണ്ടിൽ ഡെബിറ്റ് ചെയ്തു.

ബി) ഫർണിച്ചർ വാങ്ങിയത് 8,000 രൂപ പർച്ചേസ് അക്കൗണ്ടിൽ എഴുതി.

സി) ഉടമസ്ഥൻ സ്വകാര്യ ആവശ്യങ്ങൾക്ക് എടുത്ത 5,000 രൂപ കച്ചവട ചെലവായി കണക്കിലെഴുതി.

ഡി) പഴയ ഫർണെച്ചർ വിറ്റത് 3,500 രൂപ സെയിൽസ് ബുക്കിൽ രേഖപ്പെടുത്തി.

ഇ) കെട്ടിട നിർമ്മാണത്തിന് കൂലി നൽകിയത് 1,00,000 രൂപ വ് വേജസ് അക്കൗണ്ടിൽ ഡെബിറ്റ് ചെയ്തു.

26. In continuation to credit purchase of goods, Mr. Wilson accepted a bill drawn by Mr. Babu on 1st March 2018 for Rs. 24000, payable after 3 months. On 15/03/2018, the bill was endorsed to Mr. Dennis in full settlement of a debt of Rs. 25,000. On the due date the bill was dishonoured and noting charges amounts to Rs. 500 paid by Mr. Dennis. Pass Journal entries in the books of Babu.

27. Amal Traders purchased a machinery worth Rs. 40,000 on 01/03/2015 and spent Rs. 5,000 for its installation. They decided to charge depreciation @ 10% p.a. on the Diminishing Balance Method. Prepare the Machinery account for the first three years, assuming that the books are closed on 31st March every year.

26. സാധനങ്ങൾ കടത്തിൽ വാങ്ങിയതിന് പകരമായി വിൽസൺ മൂന്നു മാസ കാലാവധിയുള്ള 24,000 രൂപയുടെ ഒരു വിനിമയ ബില്ല് 1/4/2018 ന് അംഗീകരിച്ച് ബാബുവിന് നൽകുന്നു. ഈ ബില്ല് ബാബു 15/03/2018 ന് ഡെന്നീസിന് 25,000 രൂപയുടെ കണക്ക് തീർപ്പാക്കുന്നതിനായി കൈമാറി നൽകി. എന്നാൽ അടവ് തീയതിയിൽ ബിൽ നിരാകരിക്കപ്പെടുകയും ഡെന്നീസ് 500 രൂപ നോട്ടിങ്ങ് ചെലവ് കൊടുക്കുകയും ചെയ്തു. ബാബുവിന്റെ ബുക്കിൽ ആവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

27. അമൽ ട്രേഡേഴ്സ് 1/ 3/ 2015 നാ 40,000 രൂപയുടെ ഒരു മെഷിണറി വാങ്ങി, സ്ഥാപിക്കുന്നതിനായി 5,000 രൂപയും മുടക്കി. ഡിമിനിഷിങ്ങ് ബാലൻസ് രീതിയിൽ, 10% വാർഷിക നിരക്കിൽ മൂല്യക്ഷയം കണക്കാക്കുന്നതിന് അവർ തീരുമാനിച്ചു. എല്ലാ വർഷവും മാർച്ച് - 31 ന് വാർഷിക കണക്കുകൾ തയ്യാറാക്കുന്നുവെന്ന അനുമാനത്തിൽ ആദ്യ മൂന്നു വർഷത്തെ മെഷിണറി അക്കൗണ്ട് തയ്യാറാക്കുക.

28. Following information are available in the Trial Balance of a firm -

| **Ledgers** | **Rs.** |
|---|---|
| Debtors | 72,000 |
| Bad debts | 4,000 |
| Provision for Doubtful Debts | 3,000 |

**Adjustments :**

a) Additional bad debts Rs. 1,000/-.

b) Provision for Doubtful Debts @ 5% p.a. Pass necessary adjusting and transfer entries for the above adjustments.

28. നൽകിയിരിക്കുന്ന ട്രയൽ ബാലൻസ് വിവരങ്ങൾ :

| ലെഡ്ജർ | രൂപ |
|---|---|
| ഡെബ്റ്റേഴ്സ് | 72,000 |
| ബാഡ്ഡെബ്റ്റ്സ് | 4,000 |
| ബാഡ്ഡെബ്റ്റ്സ് പ്രൊവിഷൻ | 3,000 |

**നീക്കുപോക്കുകൾ:**

എ) കിട്ടാക്കടം എഴുതിക്കളയേണ്ടത് 1,000 രൂപ

ബി) സംശയാസ്പദ കടത്തിനുള്ള കരുതൽ 5% വാർഷിക നിരക്കിൽ.

ആവശ്യമായ നീക്കുപോക്ക് ജേർണൽ എൻട്രികൾ എഴുതുക.

**VI. Answer any 1 question from 29 to 30, each carries 8 scores. (1×8=8)**

29. The following are the balances extracted from the books of Mrs. Shija as on 31/03/2018.

| Debit Balances | Rs. |
|---|---|
| Drawings | 40,000 |
| Cash in Hand | 17,000 |
| Cash at Bank | 65,000 |
| Wages | 10,000 |
| Purchases | 20,000 |
| Opening Stock | 60,000 |
| Buildings | 1,00,000 |
| Sundry Debtors | 44,000 |
| Bills Receivable | 29,000 |
| Rent | 4,500 |
| Commission | 2,500 |
| General Expenses | 8,000 |
| Furniture | 5,000 |
| **Total** | **4,05,000** |

**VI.** 29 മുതൽ 30 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഉത്തരമെഴുതുക. 8 സ്കോർ വീതം **(1×8=8)**

29. ഷൈജയുടെ 31/ 03/ 2018 ലെ ലെഡ്ജർ അക്കൗണ്ട് ബാലൻസുകൾ താഴെ നൽകിയിരിക്കുന്നു.

| ഡെബിറ്റ് ബാലൻസുകൾ | രൂപ |
|---|---|
| തൻപറ്റ് | 40,000 |
| കൈവശമുള്ള പണം | 17,000 |
| ബാങ്കിലുള്ള പണം | 65,000 |
| കൂലി | 10,000 |
| പർച്ചേയ്സ് | 20,000 |
| പ്രാരംഭ സ്റ്റോക്ക് | 60,000 |
| ബിൽഡിംഗ്സ് | 1,00,000 |
| ഡെബ്റ്റേഴ്സ് | 44,000 |
| ബിൽസ് റിസീവബിൾ | 29,000 |
| വാടക | 4,500 |
| കമ്മീഷൻ | 2,500 |
| ജനറൽ എക്സ്പെൻസ് | 8,000 |
| ഫർണിച്ചർ | 5,000 |
| ആകെ | 4,05,000 |

| **Credit Balance** | **Rs.** |
|---|---|
| Capital | 2,00,000 |
| Sales | 1,60,000 |
| Sundry Creditors | 45,000 |
| **Total** | **4,05,000** |

**Additional information :**

a) Closing stock Rs. 40,000.

b) Depreciate buildings by 5% p.a.

c) Write off baddebts Rs. 1,000.

d) Wages yet to be paid Rs. 1,000.

e) Rent Prepaid Rs. 500.

Prepare Trading and Profit and Loss Account and Balance sheet as on 31/3/2018.

| ക്രെഡിറ്റ് ബാലൻസുകൾ | രൂപ |
|---|---|
| മൂലധനം | 2,00,000 |
| സെയിൽസ് | 1,60,000 |
| ക്രെഡിറ്റേഴ്സ് | 45,000 |
| ആകെ | 4,05,000 |

അധിക വിവരങ്ങൾ

എ) സമാപ്ത സ്റ്റോക്കിന്റെ വില 40,000 രൂപ

ബി) കെട്ടിടത്തിന്റെ മൂല്യക്ഷയം പ്രതിവർഷം 5% നിരക്കിൽ

സി) കിട്ടാക്കടം എഴുതിക്കളയേണ്ടത് 1,000 രൂപ

ഡി) കൂലി കുടിശ്ശിക 1,000 രൂപ

ഇ) വാടക മുൻകൂർ നൽകിയത് 500 രൂപ

31/3/ 2018 -ലെ വ്യാപാര, ലാഭ - നഷ്ട കണക്ക്, ബാലൻസ്ഷീറ്റ് എന്നിവ തയ്യാറാക്കുക.

30. Give the adjusting entries for the following -

Pass necessary adjustment entries for the following :

a) Outstanding Wages Rs. 400.

b) Prepaid salary Rs. 5,000.

c) Closing stock valued at Rs. 12,800.

d) Accrued interest Rs. 1,800.

e) Unearned commission Rs. 2,100.

f) Provision created at 5% of Debtors for doubtful debts. (Book value of debtors was Rs. 60,000.)

g) Depreciaton of Machinery @ 10%p.a. (Book value of Machinery was Rs. 43,200)

h) Write off baddebts of Rs. 700.

30. ആവശ്യമായ നീക്കുപോക്ക് ജേർണൽ എൻട്രികൾ എഴുതുക.

എ) കൂലി കുടിശ്ശിക 400 രൂപ

ബി) മുൻകൂർ ശമ്പളം 5,000 രൂപ

സി) സമാപ്ത സ്റ്റോക്കിന്റെ വില 12,800 രൂപ

ഡി) കിട്ടാനുള്ള പലിശ 1,800 രൂപ

ഇ) മുൻകൂട്ടി ലഭിച്ച കമ്മീഷൻ 2,100 രൂപ

എഫ്) സംശയാസ്പദ കടത്തിനുള്ള കരുതൽ ഡെബ്റ്റേഴ്സിന്റെ 5% (ഡെബ്റ്റേഴ്സിന്റെ നീക്കിയിരിപ്പ് തുക 60,000 രൂപ)

ജി) മെഷിണറിയുടെ മൂല്യക്ഷയം പ്രതിവർഷം 10% നിരക്കിൽ (മെഷിണറിയുടെ ബുക്ക് വില 43,2000 രൂപ)

എച്ച്) കിട്ടാക്കടം എഴുതിത്തള്ളേണ്ടത് 700 രൂപ